## റൂളിംഗ്

### (1) ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ... ഓർഡർ... നിയമസഭയുടെ മിനിയേച്ചർ എന്ന നിലയിൽ ലഭിക്കേണ്ട അംഗീകാരം നിയമസഭാ സമിതികൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽനിന്നും ലഭിക്കുന്നില്ലെന്നും സമിതി റിപ്പോർട്ടുകളിന്മേൽ ഉന്നയിക്കുന്ന ശിപാർശകൾക്ക് സർക്കാർ വേണ്ടത്ര പരിഗണന നൽകുകയോ അതിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുകയോ ചെയ്യുന്നില്ലെന്നും അതുമൂലം ഏറെ പഴക്കം ചെന്ന ഒട്ടേറെ ഫയലുകൾ തീർപ്പാകാതെ സമിതി സെക്ഷനുകളിൽ കെട്ടിക്കിടക്കുന്നതായും സമിതികൾക്ക് ലഭിക്കുന്ന പരാതികളിന്മേലുള്ള റിപ്പോർട്ടുകളും യഥാസമയം ലഭ്യമാകുന്നില്ലെന്നും ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകേണ്ടതുണ്ടെന്നും അതുസംബന്ധിച്ച് വ്യക്തമായ റൂളിംഗ് ചെയറിൽനിന്നും ഉണ്ടാകണമെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇക്കാര്യം സംബന്ധിച്ച ഗവൺമെന്റ് നിലപാട് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

നിയമസഭാ സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ സഹകരിക്കുന്നില്ലെന്ന പരാതികൾക്ക് സഭാസമിതികളുടെ ആവിർഭാവത്തോളംതന്നെ പഴക്കമുണ്ടെന്നാണ് കാണേണ്ടത്. സർക്കാർ വകുപ്പുകളുടെ സഹകരണത്തോടുകൂടി മാത്രമേ സഭാസമിതികൾക്ക് അതിന്റെ കർത്തവ്യം പൂർത്തീകരിക്കുവാൻ കഴിയൂ എന്നത് സുവ്യക്തമാണ്. സർക്കാരിൽനിന്നും ആവശ്യമായ വിവരങ്ങളും നടപടി സ്റ്റേറ്റ്മെന്റുകളും യഥാസമയം ലഭ്യമാകാതെ വന്നാൽ സഭാസമിതികളുടെ പ്രവർത്തനങ്ങളും അവതാളത്തിലാകുന്നതാണ്. കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം അത്തരത്തിലൊരു സാഹചര്യം സംജാതമായിട്ടില്ലെങ്കിൽപ്പോലും സമിതികൾ ആവശ്യപ്പെടുന്ന വിവരങ്ങൾ ഗവൺമെന്റിൽനിന്നും യഥാസമയം ലഭ്യമാകുന്നില്ലെന്ന തരത്തിൽ വ്യാപകമായ പരാതികൾ ബഹുമാനപ്പെട്ട സമിതി അദ്ധ്യക്ഷന്മാരുടെ യോഗത്തിലും ബഹുമാനപ്പെട്ട അംഗങ്ങളുടെ പരിശീലന പരിപാടികളിലും ആവർത്തിച്ചാവർത്തിച്ച് ഉയർന്നുവന്നിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു.

ഭരണ നിർവ്വഹണം നടത്തുന്ന എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുവാൻ ഭരണഘടന പ്രദാനം ചെയ്തിട്ടുള്ള

അവകാശങ്ങൾ സഭാ സമിതികൾ വിനിയോഗിക്കുന്ന വേളകളിൽ ഇത്തരത്തിലുള്ള സംഘർഷങ്ങൾ സ്വാഭാവികമാണെന്ന് വിലയിരുത്താമെങ്കിലും എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും പാരസ്പര്യത്തോടെ പ്രവർത്തിച്ച് പൊതുജനങ്ങളുടെ പരാതികൾക്കും സമൂഹത്തിലെ തെറ്റായ പ്രവണതകൾക്കും പരിഹാരം കണ്ടെത്തിയിട്ടുള്ള മാതൃകാപരമായ ഒട്ടേറെ സന്ദർഭങ്ങൾ കേരള നിയമസഭയുടെ ചരിത്രത്തിൽ രേഖപ്പെടുത്തിക്കാണുന്നുണ്ട്.

സഭാ സമിതികളുടെ പ്രവർത്തനങ്ങളിൽ സർക്കാർ ഭാഗത്തുനിന്നുള്ള നിസ്സഹകരണം സംബന്ധിച്ച ക്രമപ്രശ്നം ഇവിടെ ഉന്നയിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് അംഗവും മുൻ നിയമസഭാംഗം ശ്രീ. സി. പി. മുഹമ്മദ് അദ്ധ്യക്ഷനുമായിരുന്ന പതിമൂന്നാം കേരള നിയമസഭയിലെ പരിസ്ഥിതി സംബന്ധിച്ച സമിതി, സമിതിയുടെ കാലാവധി അവസാനിക്കുന്നതിനുമുമ്പുതന്നെ ആ സമിതിയുടെയും മുൻ സമിതികളുടെയും എല്ലാ ശിപാർശകളിന്മേലുമുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സർക്കാരിൽനിന്നും ലഭ്യമാക്കി നടപടികൾ പൂർത്തീകരിക്കുകയുണ്ടായി. അതുപോലെ സമിതി മുമ്പാകെയുള്ള പഴക്കം ചെന്ന എല്ലാ പരാതികൾക്കും

പരിഹാരം കണ്ടെത്തുകയും ചെയ്തിരുന്നു.

സമാന രീതിയിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ ഐ. സി. ബാലകൃഷ്ണൻ, കോവൂർ കുഞ്ഞുമോൻ, എൻ. ഷംസുദ്ദീൻ, വി. ശശി എന്നിവർ അംഗങ്ങളും മുൻ നിയമസഭാംഗം ശ്രീ. വി. പി. സജീന്ദ്രൻ അധ്യക്ഷനുമായിരുന്ന പതിമൂന്നാം കേരള നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയും പരിസ്ഥിതി സംബന്ധിച്ച സമിതിയും സ്വീകരിച്ചതുപോലെ എല്ലാ കുടിശ്ശിക ജോലികളും സമയബന്ധിതമായി പൂർത്തീകരിക്കുന്ന കാര്യത്തിൽ വിജയം കൈവരിക്കുകയുണ്ടായിട്ടുണ്ട്. അതിന്റെ പേരിൽ മേൽപ്പറഞ്ഞ രണ്ട് സമിതി അധ്യക്ഷന്മാരേയും അംഗങ്ങളേയും ഉദ്യോഗസ്ഥരേയും സഭയിൽ നടത്തിയ പ്രത്യേക പരാമർശത്തിലൂടെ അന്നത്തെ സഭാദ്ധ്യക്ഷൻ അനുമോദിച്ചത് നമ്മുടെ നിയമസഭാ ചരിത്രത്തിലെ അപൂർവ്വമായതും തിളക്കമാർന്നതുമായ ചില ഏടുകളാണ്. ഈ ഉദാഹരണങ്ങൾ പ്രത്യേകമായി ചെയർ ഇവിടെ പരാമർശിച്ചത്, സഭാ സമിതികൾ കണിശതയോടെയും ജാഗ്രതയോടെയും പ്രവർത്തിക്കുകയാണെങ്കിൽ ആവശ്യപ്പെടുന്ന എല്ലാ വിവരവും ഗവൺമെന്റിൽനിന്നും ലഭ്യമാക്കുവാനും കർത്തവ്യ നിർവ്വഹണം

സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഏതൊരു സമിതിക്കും കഴിയുമെന്ന് സൂചിപ്പിക്കുവാൻവേണ്ടി മാത്രമാണ്.

നിയമസഭയുടെ ചെറുരൂപം എന്ന നിലയിൽ സഭയ്ക്കുള്ള ഒട്ടുമിക്ക അധികാരാവകാശങ്ങളും സമിതിക്കും ഉണ്ടെന്ന് നമുക്കൊക്കെ അറിയാം. എന്നാൽ മിക്ക സമിതികളും തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരാവകാശങ്ങൾ വേണ്ടവിധം വിനിയോഗിക്കാറില്ല എന്നാണ് കാണുന്നത്. സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാക്കാതെ വരുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാരെ സമിതികളുടെ മുമ്പാകെ വിളിച്ചുവരുത്താനും വിവരങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുവാനും അതിന് തയ്യാറാകാതെ വരുന്ന ഗവൺമെന്റ് സെക്രട്ടറിമാരുടെ നിഷേധാത്മക നിലപാടുകൾ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും എന്നിട്ടും പരിഹാരമായില്ലെങ്കിൽ ചീഫ് സെക്രട്ടറിയെത്തന്നെ സമിതി മുമ്പാകെ വിളിച്ചുവരുത്താനുമുള്ള അധികാരം നമ്മുടെ നിയമസഭാ സമിതികൾക്കുണ്ട്. അതോടൊപ്പം സമിതിയുടെ പ്രവർത്തനങ്ങളുമായി മനഃപൂർവ്വം സഹകരിക്കാതിരിക്കുന്ന ഗവൺമെന്റ് സെക്രട്ടറിമാർക്കെതിരെ അവകാശലംഘനത്തിന്റെ പേരിൽ

ശിക്ഷാനടപടി ശിപാർശ ചെയ്യാനും സമിതികൾക്ക് അധികാരമുണ്ട്.

ജനപ്രതിനിധി സഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമിതികൾക്ക് ചട്ടപ്രകാരംതന്നെ ലഭ്യമായിട്ടുള്ള പ്രത്യേക അധികാരങ്ങൾ യഥാവിധി വിനിയോഗിക്കപ്പെടാതെ പോകുന്നതുമൂലമുള്ള ഒരു അവസ്ഥയെക്കുറിച്ചാണ് നാം വീണ്ടും വീണ്ടും പരാതിപ്പെട്ടുകൊണ്ടിരിക്കുന്നതെന്നാണ് ഇക്കാര്യത്തെ സംബന്ധിച്ചുള്ള ചെയറിന്റെ നിരീക്ഷണം.

കെട്ടിക്കിടക്കുന്ന ഗവൺമെന്റ് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കേണ്ട ആവശ്യകത സംബന്ധിച്ച് സംസാരിച്ച വേളയിൽ "ഓരോ ഫയലും ഓരോ ജീവിതമാണ്" എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശമാണ് ചെയറിനും ആവർത്തിക്കാനുള്ളത്. പക്ഷേ, ഒരു വ്യത്യാസം മാത്രം. നിയമസഭാ സമിതികളുടെ മുമ്പാകെയുള്ള ഓരോ ഫയലും ഒന്നല്ല, ഒട്ടനവധി ജീവിതങ്ങളെ സംബന്ധിക്കുന്നവയാണ്. അവയ്ക്ക് അതർഹിക്കുന്ന പരിഗണന കിട്ടിയേ മതിയാകൂ.

തികച്ചും സാങ്കേതികവും യുക്തിരഹിതവുമായ കാരണങ്ങളുടെ പേരിൽ സമിതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട്

യാഥാർത്ഥ്യബോധത്തോടും പ്രായോഗിക സമീപനത്തോടുംകൂടി കാര്യങ്ങളെ സമീപിക്കുവാൻ എല്ലാ സമിതി അധ്യക്ഷന്മാരും സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയ്യാറാകുന്നപക്ഷം ഇപ്പോൾ രൂപീകരിക്കപ്പെട്ടിരിക്കുന്ന സഭാ സമിതികളുടെ കാലാവധിയായ 30 മാസം പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ ധനകാര്യ സമിതികൾ ഒഴികെയുള്ള എല്ലാ സമിതികളുടെയും കുടിശ്ശിക ജോലികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് ചെയർ കരുതുന്നത്. അതിനായി സഭാ സമിതികൾ നടത്തുന്ന പരിശ്രമങ്ങൾക്ക് ചെയറിന്റെ ഭാഗത്തുനിന്നുള്ള എല്ലാ പിന്തുണയും പ്രോത്സാഹനവും ഉണ്ടായിരിക്കുന്നതാണെന്നുകൂടി അറിയിക്കട്ടെ.

## (2) <u>കോവിഡ് വാക്സിന് വകയിരുത്തിയ അധിക തുകയുടെ വിനിയോഗം സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: ഓർഡർ.....ഓർഡർ... കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ കേന്ദ്രസർക്കാർ തീരുമാനമെടുത്ത സാഹചര്യത്തിൽ വാക്സിൻ വിലകൊടുത്തു വാങ്ങുന്നതിനായി ബഡ്ജറ്റ് ശീർഷകത്തിൽ അധികമായി വകയിരുത്തിയ 1500 കോടി രൂപയുടെ പുനർവിനിയോഗം സംബന്ധിച്ച വിശദാംശം സഭയെ അറിയിക്കാത്തത് സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ക്രമപ്രശ്നത്തിനുള്ള മറുപടിയായി, അധികമായി

വകയിരുത്തിയ തുക കോവിഡ് പശ്ചാത്തലത്തിൽ അതേ ശീർഷകത്തിൽത്തന്നെ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചുകഴിഞ്ഞു, പ്രസ്തുത വിശദീകരണം ഉചിതവും പ്രസക്തവുമായ കാര്യമായി ചെയർ കണക്കാക്കുന്നു. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.